പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3436** **21.12.2012 ൽ മറുപടി നല്കേണ്ടിയിരുന്നത്**

**കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ ഉരുൾപ്പൊട്ടലിൽ സംഭവിച്ച കൃഷിനാശം**

| **ചോദ്യം**<br>ശ്രീ.കെ.റി.അബ്ദുൾ ഖാദർ | **മറുപടി**<br>ശ്രീ.കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) 2012 ആഗസ്റ്റ് മാസത്തിൽ കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ കിഴക്കൻ മലയോര പ്രദേശങ്ങളിലുണ്ടായ ഉരുൾപ്പൊട്ടലിൽ സംഭവിച്ച കൃഷിനാശം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിവരങ്ങൾ നല്കാമോ; | (എ) ഉണ്ട്.<br>കണ്ണൂർ ജില്ലയിലെ പായം, അയ്യൻകുന്ന്, കീഴൂർ ചാവശ്ശേരി, ഉളിക്കൽ, പടിയൂർ, ഇരിക്കൂർ, ശ്രീകണ്ഠപുരം, ഏരുവശ്ശേരി, പയ്യാവൂർ എന്നീ പഞ്ചായത്തുകളിലെ 353 കർഷകരുടെ കൃഷി നശിച്ചിട്ടുണ്ട്. ഏകദേശം 1.44 കോടി രൂപയുടെ നാശം കണക്കാക്കിയിട്ടുണ്ട്.<br>കോഴിക്കോട് ജില്ലയിൽ മുക്കം, കൊടുവള്ളി ബ്ലോക്കുകളിലുണ്ടായ ഉരുൾപൊട്ടലിൽ മുക്കം, തിരുവമ്പാടി, കൂടരഞ്ഞി പഞ്ചായത്തുകളിലെ 510 കർഷകർക്ക് കൃഷിനാശം സംഭവിച്ചിട്ടുണ്ട്. 327 ഹെക്ടർ സ്ഥലത്തെ കൃഷി നശിച്ചതായി കണക്കാക്കുന്നു. ഏകദേശം 83.1 കോടി രൂപയുടെ വിളനാശം കണക്കാക്കുന്നു. |
| (ബി) ഉരുൾപൊട്ടലിൽ കൃഷി നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എന്ത് തുക ഈയിനത്തിൽ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) ഉണ്ട്.<br>കണ്ണൂർ ജില്ലയിൽ കൃഷി നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നല്കുന്നതിനായി 5,89,158/- രൂപ അനുവദിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ നഷ്ടപരിഹാരം നല്കുന്നതിനായി 54,02,980/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) വീണ്ടും കൃഷിയിറക്കുന്നതിനും കൃഷിക്കാർക്ക് ജീവിതമാർഗ്ഗം കണ്ടെത്തുന്നതിനും എന്തെല്ലാം സഹായ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | (സി) നെല്ല് ഒഴികെയുള്ള വിളകൾക്ക് വീണ്ടും കൃഷിയിറക്കുന്നതിന് സാമ്പത്തിക സഹായം നല്കാൻ കൃഷിവകുപ്പിൽ മറ്റ് പദ്ധതികളില്ല. |

സെക്ഷൻ ഓഫീസർ